പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1823 10.02.2020 -ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി പെൻഷനേഴ്സ് യാത്രാപാസ്**

ചോദ്യം

ശ്രീ.ടി.എ.അഹമ്മദ് കബീർ

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ നിന്നും പെൻഷൻ പറ്റിയവർക്ക് പ്രതിമാസ പെൻഷൻ വാങ്ങുന്നതിന് കെ.എസ്.ആർ.ടി.സി. നൽകുന്ന പെൻഷനേഴ്സ് യാത്രാപാസ്സിൽ പെൻഷൻ പറ്റുന്നയാളുടെ സ്പൗസ്, കേന്ദ്ര / സംസ്ഥാന സർവ്വീസ് പെൻഷനുകളൊന്നും കൈപ്പറ്റുന്നില്ലെങ്കിൽ അയാളുടെ ഫോട്ടോ പതിച്ച കാർഡിനൊപ്പം സ്പൗസിന്റെ ഫോട്ടോയും കൂടി പതിച്ച് നൽകുന്നതിന് സർക്കാർ തീരുമാനിക്കുമോ; | (എ) | നിലവിൽ അനുവദിക്കുവാൻ കഴിയുകയില്ല. |
| (ബി) | സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്ക് പല കാരണങ്ങളാലും വിവിധ തരത്തിലുള്ള പാസ്സുകൾ കെ.എസ്.ആർ.ടി.സി.യുടെ സൂപ്പർ ഡീലക്സ് ബസ്സുകളിൽ ഭാഗികമായോ പൂർണ്ണമായോ സൗജന്യ യാത്രയ്ക്ക് അനുവദിക്കുമ്പോഴും സർവ്വീസ് കാലമത്രയും കെ.എസ്.ആർ.ടി.സി.യിൽ ലൈൻ ഡ്യൂട്ടി നോക്കി കടുത്ത രോഗത്തിനടിപ്പെടുന്നവരുടെ ജീവിത പങ്കാളിയ്ക്ക് മറ്റ് കേന്ദ്ര / സംസ്ഥാന സർവ്വീസ് പെൻഷനുകളൊന്നും ലഭിക്കാത്തപക്ഷം സൗജന്യ യാത്രാനുമതി നൽകാൻ തീരുമാനമെടുക്കാമോ? | (ബി) | സർവ്വീസിൽ നിന്ന് വിരമിച്ചവർക്ക് വർഷത്തിൽ ഒരിക്കൽ കുടുംബപാസ് (പെൻഷണറുടെ സ്പൗസിനും) സംസ്ഥാനത്തിനകത്ത് ദൂരപരിധി ഇല്ലാതെ യാത്ര ചെയ്യുവാൻ അനുവദിക്കുന്നുണ്ട്.<br>കെ.എസ്.ആർ.റ്റി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ, നിലവിൽ വർഷത്തിലൊരിക്കൽ നൽകുന്ന ഫാമിലി പാസ് ഒഴികെ പെൻഷണറുടെ ജീവിത പങ്കാളിയ്ക്ക് മറ്റ് സൗജന്യയാത്രാനുമതി നൽകുവാൻ നിർവ്വാഹമില്ല. |

**സെക്ഷൻ ഓഫീസർ**